# കേരള സർവകലാശാല

നം. പി.ആർ.021/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ലോ അക്കാദമി വിഷയം

ലോ അക്കാദമി പ്രിൻസിപ്പൽ ഡോ. പി. ലക്ഷ്മി നായർക്കെതിരെയുള്ള ആരോപണങ്ങൾ അന്വേഷിക്കാൻ നിയോഗിച്ച ഒമ്പതംഗ സിൻഡിക്കേറ്റ് ഉപസമിതിയുടെ റിപ്പോർട്ട് ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം അംഗീകരിച്ചു. തുടർനടപടികൾക്കായി ഈ റിപ്പോർട്ട് സർക്കാരിനും ലോ അക്കാദമി മാനേജ്മെന്റിനും കൈമാറും. ഇന്റേർണൽ പരീക്ഷകളുടെ നടത്തിപ്പ്, മൂല്യനിർണ്ണയം, ഇന്റേർണൽ മാർക്കുകൾ തുടങ്ങിയ പരീക്ഷ സംബന്ധമായ കാര്യങ്ങളിൽ നിന്ന് അടുത്ത അഞ്ച് വർഷത്തേയ്ക്ക് പ്രിൻസിപ്പൽ ഡോ. പി. ലക്ഷ്മി നായരെ ഡീബാർ ചെയ്യാനും തീരുമാനിച്ചു. അനുരാധ പി. നായർ (റോൾ നം. 135551010 ആറാം സെമസ്റ്റർ ബി.എ എൽ.എൽ.ബി) എന്ന വിദ്യാർത്ഥിനിയ്ക്ക് ചട്ടവിരുദ്ധമായി ഇന്റേർണൽ മാർക്കും അറ്റൻഡൻസും നൽകിയെന്ന പരാതിയിൻമേൽ വിശദമായ പരിശോധനയ്ക്ക് പരീക്ഷ സ്റ്റാൻഡിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. വനിത ഹോസ്റ്റലിലെ ക്യാമറകൾ വിദ്യാർത്ഥിനികളുടെ സ്വകാര്യത തടസ്സപ്പെടുത്താത്ത രീതിയിൽ പുനഃക്രമീകരിച്ച് സർവകലാശാലയെ അഞ്ച് ദിവസത്തിനുള്ളിൽ അറിയിക്കണമെന്ന് കോളേജ് മാനേജ്മെന്റിനോട് ആവശ്യപ്പെടും. സർവകലാശാല പരീക്ഷസമയങ്ങളിൽ ഹോസ്റ്റലിൽ നിന്നും വിദ്യാർത്ഥികളെ ഒഴിപ്പിക്കരുതെന്നും മാനേജ്മെന്റിനോട് ആവശ്യപ്പെടും. നിയമ കോഴ്സുകളുടെ റഗുലേഷനുകളിൽ കാലോചിതമായ മാറ്റം വരുത്തി അടുത്ത അക്കാദമിക് കൗൺസിൽ യോഗത്തിൽ സമർപ്പിക്കാനും പരീക്ഷകമ്മിറ്റിയെ ചുമതലപ്പെടുത്തി. പഞ്ചവത്സര എൽ.എൽ.ബി കോഴ്സിന്റെ ഏഴ്, എട്ട്, ഒമ്പത്, 10 സെമസ്റ്ററിലെ നാലാം പേപ്പറിനും ത്രിവത്സര എൽ.എൽ.ബി കോഴ്സിന്റെ മൂന്ന്, നാല്, അഞ്ച്, ആറ് സെമസ്റ്ററിലെ അഞ്ചാം പേപ്പറിനും നൽകിയ ഇന്റേർണൽ മാർക്ക് സംബന്ധിച്ചുള്ള പരാതികൾ പരിശോധിച്ച് ആവശ്യമായ ശുപാർശകൾ നൽകാൻ പരീക്ഷകമ്മിറ്റി കൺവീനർ, പരീക്ഷകൺട്രോളർ, സർവകലാശാല നിയമ ഫാക്കൽറ്റി ഡീൻ എന്നിവരടങ്ങിയ മൂന്നംഗ ഉപസമിതിയെ ചുമതലപ്പെടുത്തി.

### മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റണം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം 2016 ഏപ്രിലിൽ നടത്തിയ ഒന്ന്, രണ്ട്, മൂന്ന് വർഷ എം.എച്ച്.എ പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും ജനുവരി 30,31 തീയതികളിൽ ഹാൾടിക്കറ്റും, ഡിഗ്രികോപ്പിയും സഹിതം കൈപ്പറ്റേണ്ടതാണ്.

### യോഗാ പരിശീലന രജിസ്ട്രേഷൻ ആരംഭിച്ചു

കേരള സർവ്വകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ പഠന വകുപ്പിന്റെ ആഭി മുഖ്യത്തിൽ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ ജി.വി. രാജാ പവലിയനിൽ പൊതുജനങ്ങൾക്കായി നടത്തുന്ന യോഗാ പരിശീലന പരിപാടിയിലെ ഫെബ്രു വരി മാസത്തെ ബാച്ചിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. രാവിലെയും വൈകു

ന്നേരവുമായി നടക്കുന്ന യോഗാപരിശീലനത്തിനുള്ള രജിസ്ട്രേഷൻ ഫോമുകൾ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ ജി.വി. രാജാ പവലിയനിൽ പ്രവർത്തിക്കുന്ന ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഓഫീസിൽ നിന്നും ഓഫീസ് പ്രവർത്തന സമയങ്ങളിൽ ലഭിക്കും.

**എം.ബി.എ പരീക്ഷ**

കേരള സർവകലാശാല ഫെബ്രുവരി 21-ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ (2014 സ്കീം - ഫുൾ ടൈം/ഈവനിംഗ്/ ട്രാവൽ & ടൂറിസം/ യു.ഐ.എം), 2009 സ്കീം - ഫുൾ ടൈം/ പാർട്ട് ടൈം/ യു.ഐ.എം - സപ്ലിമെന്ററി) പരീക്ഷയ്ക്ക് ഓൺലൈനായി ജനുവരി 30 മുതൽ രജിസ്റ്റർ ചെയ്യാം. പിഴകൂടാതെ ഫെബ്രുവരി ആറ് (50 രൂപ പിഴയോടെ ഫെബ്രുവരി എട്ട്, 250 രൂപ പിഴയോടെ ഫെബ്രുവരി 10) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
28.01.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**